15 -ാം കേരള നിയമസഭ

9 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 50 08-08-2023 - ൽ മറുപടിയ്ക്ക്

ഐ.ടി. പദ്ധതികളുടെ കരാറുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2016 മുതൽ ഊരാളുങ്കൽ സൊസൈറ്റിയ്ക്കും അതിന്റെ അനുബന്ധ സ്ഥാപനങ്ങൾക്കും ഐ. ടി. വകുപ്പിന്റെ ഭാഗമായുള്ള എത്ര പദ്ധതികൾ നിർവ്വഹണത്തിനായി നൽകിയിട്ടുണ്ട്; ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ നൽകാമോ; | (എ) | കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ എസ് ഐ ട ഐ എൽ) ന്റെ കീഴിലുള്ള 6 പദ്ധതികളുടെ നിർവ്വഹണ കരാർ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>(1) കളമശ്ശേരി ടെക്നോളജി ഇന്നവേഷൻ സോണിലെ ഒന്നാമത്തെ കെട്ടിടത്തിന്റെ നിർമ്മാണം.<br>(2) ടെക്നോപാർക്ക് ഫെയ്സ്-1 കാമ്പസിലെ സി-ഡാക്ക് കെട്ടിടത്തിലെ 3, 4, 5 നിലകളിൽ കേരള സ്റ്റാർട്ടപ്പ് മിഷനുവേണ്ടി നടപ്പിലാക്കിയ ഇന്റീരിയർ വർക്കുകൾ.<br>(3) കോഴിക്കോട് സൈബർപാർക്ക് കാമ്പസിലെ റോഡ് നിർമ്മാണം.<br>(4)കോഴിക്കോട് സൈബർ പാർക്ക് കാമ്പസിലെ പ്രവേശന കവാടത്തിന്റെ നിർമ്മാണം.<br>(5) കെഫോണിന്റെ പുതിയ ഓഫീസിലെ ഇന്റീരിയർ വർക്കുകൾ.<br>(6) കെ-സ്പേസിന്റെ പുതിയ ഓഫീസിലെ ഇന്റീരിയർ വർക്കുകൾ. |
| (ബി) | പ്രസ്തുത പദ്ധതികളുടെ മൊത്തം തുകയും, ടെൻഡർ നടപടികളിലൂടെയാണോ ഈ സ്ഥാപനത്തിനെ തെരെഞ്ഞെടുത്തത് എന്നുമുള്ള വിവരങ്ങൾ നൽകാമോ? | (ബി) | പ്രസ്തുത പദ്ധതികളുടെ നിർവഹണത്തിലേയ്ക്കായി മൊത്തം 111.87 കോടി രൂപയുടെ കരാറിൽ കെ.എസ്.ഐ.ടി.ഐ.എൽ ഊരാളുങ്കൽ സൊസൈറ്റിയുമായി ഏർപ്പെട്ടിട്ടുണ്ട്. ടെക്നോളജി ഇന്നവേഷൻ സോണിലെ ഒന്നാമത്തെ കെട്ടിടത്തിന്റെ നിർമ്മാണം, കോഴിക്കോട് സൈബർ പാർക്കിലെ റോഡ് നിർമ്മാണം, സൈബർപാർക്കിലെ പ്രവേശന കവാടത്തിന്റെ നിർമ്മാണം എന്നീ |

| | | | |
|---|---|---|---|
| | | | പ്രവർത്തികൾക്കായി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി യെ ടെൻഡർ നടപടികളിലൂടെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ടെക്നോപാർക്ക് ഫേസ് -1 കാമ്പസിലെ സി-ഡാക്ക് കെട്ടിടത്തിന്റെ (കേരള സ്റ്റാർട്ടപ്പ് മിഷന് വേണ്ടിയുള്ള) ഇന്റീരിയർ വർക്കുകൾ, കെ-സ്പേസിന്റെ ഇന്റീരിയർ വർക്കുകൾ എന്നിവ സർക്കാരിന്റെ അക്രഡിറ്റേഷൻ ഏജൻസി എന്ന നിലയിൽ നേരിട്ടാണ് നൽകിയിട്ടുള്ളത്.<br>കെഫോണിന്റെ ഇന്റീരിയർ വർക്കുകൾ സർക്കാരിന്റെ അക്രഡിറ്റേഷൻ ഏജൻസികളിൽ നിന്ന് ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുത്താണ് കരാർ നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ